**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം ഗ്രാമപഞ്ചായത്തിലെ സീനിനർ ക്ലാർക്കായ ശ്രീമതി. ബീന.എം.റ്റി, പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. ബിന്ദു.കെ.എൻ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1107/2018 ൽ 02.08.2018 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.692/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 23/03/2019**

പരാമർശം:-

1. സ.ഉ (കൈ) നം 105/2001/GAD, തീയതി 17.03.2001.
2. പഞ്ചായത്ത് ഡയറക്ടറുടെ 26.03.2001 ലെ ഇ 6-7365/2001 നമ്പർ നടപടിക്രമം.
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.04.2002 ലെ ഇ 3 - 1200/97 നമ്പർ നടപടിക്രമം.
4. സ.ഉ (കൈ) നം 127/2006/GAD, തീയതി 20.05.2006.
5. പഞ്ചായത്ത് ഡയറക്ടറുടെ 01.02.2010 ലെ ഇ 4-3626/09(1) നമ്പർ നടപടിക്രമം.
6. ശ്രീമതി. ബീന.എം.റ്റി, ശ്രീമതി. ബിന്ദു.കെ.എൻ എന്നിവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1107/2018 നമ്പർ കേസ്സിന്മേലുള്ള 02.08.2018 -ലെ ഉത്തരവ്.
7. പഞ്ചായത്ത് ഡയറക്ടറുടെ 22.11.2018 ലെ ഇ 6-27485/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം ഗ്രാമപഞ്ചായത്തിലെ സീനിനർ ക്ലാർക്കായ ശ്രീമതി. ബീന.എം.റ്റി, പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി. ബിന്ദു.കെ.എൻ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1107/2018 നമ്പർ കേസ്സിന്മേൽ ബഹു ട്രിബ്യൂണൽ 02.08.2018 ൽ പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകർ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ 16, അനക്ഷർ 17 നിവേദനങ്ങൾ പരിശോധിച്ച് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ തീരമാനമെടുക്കണമെന്ന് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (1) സർക്കാർ ഉത്തരവ്, പരാമർശം(2) നടപടിക്രമം എന്നിവ പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററിയായി നിയമനം ലഭിച്ച ശ്രീമതി ബിന്ദു കെ.എൻ, ശ്രീമതി ബീന.എം.ടി എന്നിവരുടെ നിയമനം പരാമർശം (4) പ്രകാരം ക്രമവത്കരിക്കുകയും തുടർന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും

ചെയ്യുകയുണ്ടായി. എന്നാൽ ശ്രീമതി ബിന്ദു കെ.എൻ, ശ്രീമതി ബീന.എം.ടി എന്നിവരെ സ്പോർട്സ് ക്വോട്ടയിൽ സൂപ്പർന്യൂമററിയായി ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് നൽകിയ നിയമനം ആണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടിയാളുകളുടെ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തുകയുണ്ടായി.

3. ടിയാളുടെ സ്ഥാനക്കയറ്റം റദ്ദാക്കിയ നടപടി പരാമർശം (4) സർക്കാർ ഉത്തരവ്, KS & SSR ചട്ടം 27, 28(b)(ii) എന്നിവയുടെയും OA No. 949/2012 ലെ വിധിയുടെയും ലംഘനമാണെന്നും, പ്രസ്തുത ഉദ്യോഗക്കയറ്റം നിലനിർത്തി മുൻകാല പ്രാബല്യത്തോടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശ്രീമതി. ബിന്ദു കെ.എൻ, ശ്രീമതി ബീന.എം.റ്റി എന്നിവർ അനക്ഷർ 16, അനക്ഷർ 17 മുഖാന്തിരം അപേക്ഷിക്കുകയുണ്ടായി.

4. അപേക്ഷകരെ തദ്ദേശസ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 22.12.2018 ൽ നേരിൽ കേൾക്കുകയുണ്ടായി. നേർവചാരണ സമയത്ത് അപേക്ഷകർ അനക്ഷർ A16, അനക്ഷർ 17 നിവേദനങ്ങളിലൂടെ ഉന്നയിച്ച ആവശ്യം ആവർത്തിക്കുകയുണ്ടായി.

5. കായികരംഗത്തെ മികവ് കണക്കിലെടുത്ത് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന സംബന്ധിച്ച് പരാമർശം (4) സർക്കാർ ഉത്തരവിലൂടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിക്കപ്പെട്ടവർ 35 വയസ്സ് തികയുന്നതുവരെയോ, സജീവകായികരംഗത്ത് നിന്ന് വിരമിക്കുന്നതുവരെയോ സൂപ്പർന്യൂമററി തസ്തികയിൽ തുടരാവുന്നതാണെന്നും ഇവരുടെ ഓപ്ഷൻ സ്വീകരിച്ചുകൊണ്ട് റഗുലർ തസ്തികയിലേയ്ക്ക് ആഗീരണംചെയ്യാവുന്നതും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവരെ സേവനത്തിൽ ആഗീരണം ചെയ്ത ശേഷം മാത്രമേ നിയമനം റഗുലറൈസേഷൻ, നിരീക്ഷണകാലം പ്രഖ്യാപിക്കൽ എന്നിവ നടത്താനാവൂ എന്നാൽ സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററിയായി ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് നൽകിയ നിയമനം വകുപ്പുതല പരീക്ഷ പാസ്സായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകിയ നടപടി പരാമർശം(4) സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയായതിനാൽ അത് തെറ്റായ നിയമനമായിരുന്നു. യു.ഡി ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന വേളയിൽ അപേക്ഷകർ 35 വയസ്സ്പൂർത്തിയാക്കുകയോ, സജീവകായികരംഗത്ത് നിന്ന് വിരമിക്കുന്നതിന് ഓപ്ഷൻ നൽകുകയോ ചെയ്തിരുന്നില്ല. ആകയാൽ അപ്രകാരം നൽകിയ സ്ഥാനക്കയറ്റം ക്രമപ്രകാരമല്ലെന്നു കണ്ട് പ്രസ്തുത ഉദ്യോഗക്കയറ്റം റദ്ദാക്കി ടിയാളുകളെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമപ്രകാരമാണ്.

6. ശ്രീമതി ബിന്ദു കെ.എൻ, ശ്രീമതി ബീന.എം.ടി എന്നിവരെ റെഗുലർ തസ്തികയിൽ ആഗീരണം ചെയ്ത ഉത്തരവുകളിൽ അപാകത ഉള്ളതായി കണ്ടെത്തിയിരിക്കുന്നു. ശ്രീമതി ബീന.എം.ടി യ്ക്ക് 21.03.2009 ൽ 35 വയസ്സ് പൂർത്തിയായെങ്കിലും റഗുലർ തസ്തികയിലേക്ക് ആഗിരണം ചെയ്തിട്ടുള്ളത് 2013 ലും ശ്രീമതി ബിന്ദു കെ.എൻ ന് 29/05/2012 ൽ 35 വയസ്സ് പൂർത്തിയായെങ്കിലും റഗുലർ തസ്തികയിലേക്ക് ആഗിരണം ചെയ്തിട്ടുള്ളത് 2016 ലും മാത്രമാണ്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം സൂപ്പർന്യൂമററിയായി സൃഷ്ടിച്ച ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി വകുപ്പിൽ സേവനമനുഷ്ഠിച്ചുവരുന്ന മാരാരിക്കുളം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ബീന എം.റ്റി, പട്ടണക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി ബിന്ദു.കെ.എൻ എന്നിവരെ അവർക്ക് 35 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതിയ്ക്ക് ശേഷം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമന ശിപാർശ ചെയ്യപ്പെട്ട

ജീവനക്കാരന്റെ നിയമന ശിപാർശ തീയതി പ്രാബല്യത്തിൽ റെഗുലർ തസ്തികയിൽ ആഗീരണം ചെയ്തതായി കണക്കാക്കി ടിയാളുകളുടെ സീനിയോറിറ്റി, പ്രൊബേഷൻ, പ്രൊമോഷൻ എന്നിവ പുനർനിർണ്ണയിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള OA 1107/2018 ലെ 02.08.2018 ൽ പരാമർശം (6) പ്രകാരമുള്ള ഉത്തരവ് മേൽ പ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ബീന എം.റ്റി, സീനിയർ ക്ലാർക്ക്, മാരാരിക്കുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി. ശ്രീമതി. ബിന്ദു.കെ.എൻ, ക്ലാർക്ക്, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, മാരാരിക്കുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പട്ടണക്കാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-247/ഇപിഎ 1/2018/തസ്വഭവ)

ഉത്തരവിൻപ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ